**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - നെടുമങ്ങാട് നഗരസഭയിൽ ഹെഡ്ക്ളാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. എ.എസ്.ഷിബു അഹമ്മദ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 2276/2019 നമ്പർ കേസിലെ 15.11.2019 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ) നം. 194/2020/തസ്വഭവ തീയതി, തിരുവനന്തപുരം, 24.01.2020

പരാമർശം :

1. നെടുമങ്ങാട് നഗരസഭാ സെക്രട്ടറിയുടെ 24.07.2019 തീയതിയിലെ ജി1-3666/11 നമ്പർ ഉത്തരവ്.
2. ശ്രീ എ.എസ്.ഷിബു അഹമ്മദ് സർക്കാരിൽ സമർപ്പിച്ച 17.09.2019 തീയതിയിലെ നിവേദനം (അനക്ഷർ A8)
3. ശ്രീ എ.എസ്.ഷിബു അഹമ്മദ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 2276/2019 നമ്പർ കേസിലെ 15.11.2019 തീയതിയിലെ വിധിന്യായം
4. നഗരകാര്യഡയറക്ടറുടെ 13.01.2020 തീയതിയിലെ വി1-23862/19 നമ്പർ കത്ത്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ നെടുമങ്ങാട് നഗരസഭയിൽ ഹെഡ്ക്ളാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. എ.എസ്.ഷിബു അഹമ്മദിനെ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 50(2)പ്രകാരം സിദ്ധിച്ചിട്ടുള്ള ഡെലിഗേഷൻ അനുസരിച്ച് പ്രവർത്തിക്കുന്നില്ലെന്നും നികുതിപരിഷ്കരണസത്വരനടപടികൾ കൈക്കൊണ്ട് നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് തൃപ്തികരമായി പ്രവർത്തിക്കുന്നില്ലെന്നും അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്നു എന്നും മാതൃകാപരമായി പെരുമാറുന്നില്ലെന്നും ആരോപിച്ച് നെടുമങ്ങാട് നഗരസഭ സെക്രട്ടറിയുടെ പരാമർശം 1 ഉത്തരവ് പ്രകാരം. സേവനത്തിൽനിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് തന്നെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ എ.എസ്.ഷിബു അഹമ്മദ് പരാമർശം 2 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 2276/2019 നമ്പർ കേസിലെ 15.11.2019 തീയതിയിലെ ഉത്തരവുപ്രകാരം അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേൽ കോടതി ഉത്തരവ് ലഭിച്ച് 2 മാസത്തിനകം ടിയാനെ

നേരിൽകേട്ടതിനുശേഷം ടിയാനെ സസ്പെൻഷനിൽ നിലനിർത്തേണ്ട സാഹചര്യമുണ്ടോ എന്ന് പരിശോധിക്കണമെന്നും, ഇല്ലയെന്നാണ് കണ്ടെത്തുന്നതെങ്കിൽ ടിയാനെ സർവ്വീസിൽ പുന.പ്രവേശിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചിരുന്നു

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശപ്രകാരം 14.01.2020 ന് തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി അപേക്ഷകനെ നേരിൽക്കേട്ടു. നേരിൽകേട്ടസമയത്തെ അപേക്ഷകന്റെ വാദങ്ങൾ പ്രകാരം, സസ്പെൻഷൻ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ള ആരോപണങ്ങൾ വസ്തുതാപരമല്ല എന്നും പൊതുസ്ഥലം മാറ്റത്തിനുള്ള കൃലിസ്റ്റിൽ ടിയാൻ നിലവിൽ ഒന്നാമതാണെന്നും പിതാവ് മരണപ്പെട്ടുപോയിട്ടുള്ളതും ഏകമകനായ ടിയാന്റെ ശയ്യാവലംബയായ മാതാവിനെ ശുശ്രൂഷിക്കുന്നതിനായി തിരുവനന്തപുരം കോർപ്പറേഷനിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്ന തിനാണ് ടിയാൻ അപേക്ഷ നൽകിയിട്ടുള്ളതെന്നും ആയത് തടയുന്നതിനാണ് വ്യക്തിവൈരാഗ്യം നിമിത്തം നെടുമങ്ങാട് നഗരസഭ സെക്രട്ടറി ടിയാനെ മനപ്പൂർവ്വം സേവനത്തിൽനിന്നും സസ്പെൻഡ് ചെയ്തത് എന്നും ശ്രീ. ഷിബു അഹമ്മദ് അറിയിച്ചു. 24.7.2019-ൽ നഗരകാര്യവകുപ്പ് ഡയറക്ടറുടെ ഇ 6/1161/2018 നം ഉത്തരവ് പ്രകാരം ജീവനക്കാരുടെ സ്ഥലംമാറ്റ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി എന്നും അന്നേ ദിവസം തന്നെയാണ് ജി1/3666/11 നമ്പർ സസ്പെൻഷൻ ഉത്തരവ് നല്കി ടിയാനെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളത് എന്നും ടിയാൻ അറിയിച്ചു. കൂടാതെ 01.09.2003 ലാണ് ടിയാൻ എൽ.ഡി.സി/ ബി.സി ആയി സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതെന്നും 08.09.2007-ൽ യു.ഡി.സി ആയും തുടർന്ന് 01.08.2018-ൽ ഹെഡ്ക്ളാർക്ക്/റവന്യുഇൻസ്പെക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിച്ച് നെടുമങ്ങാട് നഗരസഭയിലും ജോലി ചെയ്തുവരികയായിരുന്നു എന്നും ടിയാന്റെ 16 വർഷത്തെ സേവനകാലയളവിൽ ആദ്യമായാണ് ഇപ്രകാരം കളവായി ഒരു ആരോപണം ഉണ്ടായിട്ടുള്ളതെന്നും അറിയിച്ചു. ടിയാന്റെ ഭാഗത്തുനിന്നും അനധികൃതഹാജരില്ലായ്മ ഉണ്ടായിട്ടില്ല എന്നും 2019 ജനുവരി മുതൽ സസ്പൻഷൻ ഉത്തരവ് തിയതിയായ 24.07.2019 വരെ 7 അവധികൾ മാത്രമാണ് എടുത്തിട്ടുള്ളത് എന്നും 25.03.2019 മുതൽ ഒരു മാസക്കാലം ആറ്റിങ്ങൽ പാർലമെന്റ് മണ്ഡലത്തിലെ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സെക്ടറൽ ഓഫീസറായി പ്രവർത്തിച്ചിരുന്നതുകാരണം നഗരസഭ പ്രവർത്തനങ്ങളിൽ ടിയാന് പങ്കെടുക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നും ടിയാൻ അറിയിച്ചു. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്തുന്നതിന് ബിൽകളക്ടർമാരെ കൂടാതെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം തെരഞ്ഞെടുത്ത ജീവനക്കാരുടെ മേൽനോട്ടച്ചുമതല ടിയാന് നല്കിയിരുന്നില്ല എന്നും ടിയാന്റെ അധീനതയിലുള്ള ബിൽ കളക്ടർമാർ ശേഖരിച്ച സ്ഥിതിവിവരക്കണക്കുകൾ ഫാറം രൂപത്തിൽ അതാത് ആഴ്ചകളിലെ അവസാനപ്രവർത്തി ദിവസം റവന്യുസെക്ഷൻ മുഖാന്തിരം നഗരസഭയിലെ ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാർ എൻട്രി വരുത്തിയിട്ടുണ്ട് എന്നും കൃത്യവിലോപങ്ങൾ ഉണ്ടായിട്ടില്ല എന്നും ടിയാൻ അറിയിച്ചു. കുറ്റാരോപണമെമ്മോയിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം സാക്ഷരത പ്രേരകുമാരുടെ മേൽനോട്ടച്ചുമതല ടിയാന് ഡെലിഗേറ്റ് ചെയ്ത് നൽകിയിരുന്നില്ല എന്നും കുടിശ്ശിക തുകകൾ

പിരിച്ചെടുക്കുന്നതിൽ യാതൊരു അലംഭാവവും വരുത്തിയിട്ടില്ല എന്നും മേലുദ്യോഗസ്ഥരോടും ജനപ്രതിനിധികളോടും ടിയാൻ മോശമായി പെരുമാറിയിട്ടില്ല എന്നും ടിയാൻ അറിയിച്ചു. കൂടാതെ നെടുമങ്ങാട് നഗരസഭയിൽ ജോലിയിൽ തുടരുന്നതിന് ടിയാന് ബുദ്ധിമുട്ട് ഉണ്ട് എന്നും ആയതിനാൽ ടി. നഗരസഭയിൽനിന്നും നിലവിലെ കൂലിസ്റ്റ് പ്രകാരം സ്ഥലംമാറ്റം നൽകി ഉത്തരവാകണമെന്നും അപേക്ഷിച്ചിരുന്നു.

3. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം നെടുമങ്ങാട് നഗരസഭ സെക്രട്ടറിയുടെ 7.01.2020-ലെ ജി1-3666/11 നം ഉത്തരവ് നടപടികൾ പ്രകാരം, 24.07.2019 മുതൽ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യപ്പെട്ടിട്ടുള്ള ശ്രീ. എ. എസ്.ഷിബു അഹമ്മദ്, ടി. ഉത്തരവ് കൈപ്പറ്റി തിരികെ സേവനത്തിൽ പ്രവേശിക്കുന്ന തിയതി മുതൽ സസ്പെൻഷൻ പിൻവലിച്ച്, ഉത്തരവായിട്ടുണ്ട് എന്നും കൂടാതെ ടിയാനെതിരായി ആരംഭിച്ച അച്ചടക്കനടപടി, ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷക്കാലത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കിയും, ടിയാൻ സസ്പെൻഷനിൽ തുടർന്ന കാലയളവ് അതായത് 04.07.2019 പൂർവ്വാഹ്നം മുതൽ സേവനത്തിൽ തിരികെ പ്രവേശിക്കുന്ന തീയതിയുടെ തലേദിവസം വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി പരിഗണിച്ചും മതിയായ അവധി ദിനങ്ങൾ ക്രെഡിറ്റിൽ അവശേഷിക്കാത്ത പക്ഷം ടി. ദിവസങ്ങൾ ശമ്പളരഹിത അവധിയായി പരിഗണിച്ചും, ഉത്തരവായിട്ടുണ്ട് എന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

4. മേൽ സാഹചര്യത്തിൽ, നെടുമങ്ങാട് നഗരസഭാസെക്രട്ടറിയുടെ 7.01.2020-ലെ ജി1-3666/11 നം ഉത്തരവ് നടപടികൾ പ്രകാരം, ശ്രീ.എ.എസ്.ഷിബു അഹമ്മദിന്റെ സസ്പെൻഷൻ പിൻവലിച്ച് ഉത്തരവായിട്ടുണ്ട് എന്ന് നഗരകാര്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, അനക്ഷർ-എ 8 പ്രകാരം ശ്രീ. എ.എസ്.ഷിബു അഹമ്മദ് സമർപ്പിച്ച അപേക്ഷയിലെ ആവശ്യം നിലവിൽ പരിഹരിച്ചിട്ടുള്ളതിനാൽ ടിയാന്റെ അപേക്ഷയിൽ തുടർനടപടി ആവശ്യമില്ലായെന്ന് കണ്ട് തീർപ്പാക്കി ഉത്തരവാകുന്നു. കൂടാതെ നെടുമങ്ങാട് നഗരസഭയിൽ നിന്ന് സ്ഥലംമാറ്റം അനുവദിക്കണമെന്നുള്ള ശ്രീ.എ.എസ്.ഷിബു അഹമ്മദിന്റെ അപേക്ഷ, നിലവിലുള്ള കൂലിസ്റ്റ് പ്രകാരം പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ നഗരകാര്യഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 15.11.2019 ലെ ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീ.എ.എസ്.ഷിബു അഹമ്മദ്, ഹെഡ്ക്ളാർക്ക്/റവന്യൂ ഇൻസ്പെക്ടർ, നെടുമങ്ങാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ